10. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ യുവതീ-യുവാക്കൾക്ക് വേണ്ടിയുള്ള തൊഴിൽ വൈദഗ്ധ്യം പരിശീലനം നൽകുന്നതിനുള്ള പദ്ധതി.

11. പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാപഠന കേന്ദ്രം-നിർമ്മാണ പ്രവർത്തനത്തിനുള്ള ധനസഹായം.

ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങൾ

328(1754) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ;

(ബി) ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കമ്മീഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

(സി) കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കാൻ മേഖലാ ആഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്യുക, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനങ്ങളിൽനിന്ന് ഉണ്ടാകുന്ന പ്രശ്നങ്ങൾ പഠനവിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം, എന്നിവ നടത്തുക, ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള മറ്റ് ചുമതലകൾ നിർവ്വഹിക്കുക, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ഏൽപിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ന്യൂനപക്ഷ അവകാശ ലംഘനവും വിവേചനവും സംബന്ധിച്ച് ലഭിച്ച വിവിധ പരാതികളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപിക്കുകയും, വിവിധ പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തി ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടികൾ സ്വീകരിക്കുകയും, ജില്ലകൾതോറും യോഗങ്ങൾ സംഘടിപ്പിച്ച് ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജില്ലാ ഭരണകൂടവുമായും ജില്ലാതല ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും; കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ന്യൂനപക്ഷങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി ലഭ്യമാകുന്ന ആനുകൂല്യങ്ങൾ

329 (1755) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നൽകുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഓരോ ആനുകൂല്യത്തിനുമുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളും ആനുകൂല്യങ്ങളും താഴെ വിവരിക്കുന്നു :

ന്യൂനപക്ഷ വിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനായി ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ സംസ്ഥാന ചാനലൈസിംഗ് ഏജൻസി എന്ന നിലയിൽ ടി സ്ഥാപനം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. സ്വയം തൊഴിൽ സംരംഭ വായ്പ :

3 ശതമാനം മുതൽ 6 ശതമാനം വരെയുള്ള പലിശ നിരക്കിൽ 10 ലക്ഷം രൂപവരെ ഒരാൾക്ക് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly